REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 23-06-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **വീര്യം കുറഞ്ഞ മദ്യങ്ങളുടെ നികുതി കുറച്ച ബജറ്റ് പ്രഖ്യാപനത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപോയി.**
- **ലഹരിമരുന്ന് കേസ് പ്രതികൾക്ക് കടുത്ത ശിക്ഷ ഉറപ്പാക്കാൻ നിയമത്തിൽ ഭേദഗതി വരുത്തുമെന്ന് മന്ത്രി രമേശ് ചെന്നിത്തല.**
- **കൊട്ടാരക്കരയിൽ ടിപ്പർ ലോറി, ബസ് കാത്തുനിന്നവർക്കിടയിലേക്ക് ഇടിച്ചുകയറി മൂന്ന് മരണം.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരും. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**
- **ഫിഫ ലോക കപ്പ് ഫുട്ബോളിൽ രാത്രി പത്തരക്ക് ഹൂസ്റ്റണിൽ പോർച്ചുഗൽ ഉസ്ബെക്കിസ്ഥാനെ നേരിടും.**

## വാർത്തകൾ വിശദമായി

വീര്യം കുറഞ്ഞ മദ്യങ്ങളുടെ നികുതി കുറയ്ക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപോയി. വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് CPIM ലെ KN ബാലഗോപാൽ നൽകിയ അടിയന്തര പ്രമേയ നോട്ടീസ് സ്പീക്കർ അനുവദിച്ചില്ല. ഇക്കാര്യം സബ് മിഷനായി അവതരിപ്പിക്കാമെന്ന് സ്പീക്കർ അറിയിച്ചെങ്കിലും പ്രതിപക്ഷം അംഗീകരിച്ചില്ല. ഇതേ തുടർന്ന് നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ച പ്രതിപക്ഷ അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോകുകയായിരുന്നു.

വീര്യം കുറഞ്ഞ മദ്യത്തിന് നികുതി കുറയ്ക്കാൻ ദ്രുതഗതിയിൽ നീക്കം നടക്കുന്നതായി ഇറങ്ങിപ്പോക്കിനു ശേഷം നിയമസഭയ്ക്ക് പുറത്ത് ബാലഗോപാൽ കുറ്റപ്പെടുത്തി. LDF ഗവൺമെന്റ് കൊണ്ടുവന്ന ഹോർട്ടി വൈൻ എന്ന പദ്ധതി കാർഷിക മേഖലയിലെ ഉത്പന്നങ്ങളെ സംരക്ഷിക്കാനായിരുന്നുവെന്നും ബാലഗോപാൽ പറഞ്ഞു. അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചത് വിചിത്രമായ കാരണം പറഞ്ഞാണെന്നും ബാലഗോപാൽ ആരോപിച്ചു.

✪✪✪

ലഹരിമരുന്ന് കേസുകളിൽ പ്രതിയാകുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കാൻ നിയമത്തിൽ ഭേദഗതി വരുത്തുമെന്ന് മന്ത്രി രമേശ് ചെന്നിത്തല അറിയിച്ചു. ഓപ്പറേഷൻ തൂഫാനിലൂടെ ലഹരി മരുന്ന് ഉപയോഗത്തിനും വ്യാപനത്തിനുമെതിരെ ശക്തമായ നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചു വരുന്നതെന്ന് അദ്ദേഹം നിയമസഭയിൽ പറഞ്ഞു.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഈ മാസം 17 വരെ 2,954 കേസുകൾ രജിസ്റ്റർ ചെയ്തതായും, 3,176 പേരെ അറസ്റ്റ് ചെയ്തതായും അദ്ദേഹം പറഞ്ഞു. പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ, സംസ്ഥാനത്ത് 84 പൊലീസ് സബ് ഡിവിഷനുകൾ രൂപീകരിച്ചതായും, ലഹരിമരുന്ന് വ്യാപനത്തിനെതിരെ കക്ഷി രാഷ്ട്രീയ ഭേദമെന്യെ കൂട്ടായ പരിശ്രമം ആവശ്യമാണെന്നും രമേശ് ചെന്നിത്തല അറിയിച്ചു.

ജൂൺ 26 ന് അന്താരാഷ്ട്ര മയക്കു മരുന്ന് വിരുദ്ധ ദിനത്തിൽ എല്ലാ MLA മാരും അവരവരുടെ നിയോജക മണ്ഡലത്തിലെ സ്കൂളിൽ ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കുമെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

✪✪✪

മയക്കുമരുന്ന് കേസുകളിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കാൻ ബന്ധപ്പെട്ട നിയമത്തിൽ അപാകതകൾ ഉണ്ടെങ്കിൽ കേന്ദ്രഗവൺമെന്റിനെ അറിയിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കണമെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ആവശ്യപ്പെട്ടു.

നിയമസഭയിൽ ചോദ്യോത്തര വേളയിലാണ് സ്പീക്കർ ഇക്കാര്യം വ്യക്തമാക്കിയത്.

✪✪✪

സംസ്ഥാനത്ത് പുതിയ സൂക്ഷ്മ- ചെറുകിട- ഇടത്തര വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമെന്ന് മന്ത്രി PK കുഞ്ഞാലിക്കുട്ടി അറിയിച്ചു. യുവാക്കൾക്ക് നല്ല ആശയങ്ങൾ ഉണ്ടെങ്കിൽ പുതിയ പദ്ധതികൾ തുടങ്ങുമെന്നും,

കോളേജുകളിൽ ക്യാമ്പസ് വ്യവസായം യഥാർത്ഥ്യമാക്കുന്ന നടപടി സ്വീകരിച്ചു വരുന്നതായും മന്ത്രി നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു. MSME കൾ നേരിടുന്ന പ്രശ്നങ്ങളിൽ സംസ്ഥാനഗവൺമെന്റ് ഇടപെട്ട് പരിഹാരം കാണുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം വർധിച്ചതായി മന്ത്രി സണ്ണി ജോസഫ് നിയമസഭയിൽ പറഞ്ഞു. 150.63 മെഗാവാട്ടിന്റെ വർധനയാണ് ഉണ്ടായത്. ആകെ 4100 മെഗാവാട്ടാണ് പ്രതീക്ഷിക്കുന്നത്. മഴയുടെ കുറവും, എൽനിനോ പ്രതിഭാസവും വൈദ്യുതി ലഭ്യതയിൽ കുറവ് വരുത്തിയതായി മന്ത്രി അറിയിച്ചു.

സംസ്ഥാനത്ത് വൈദ്യുതി ഉപയോഗത്തിൽ 10 ദശ ലക്ഷം യൂണിറ്റിന്റെ വർധന ഉണ്ടായതായും, ജൂൺ 16 മുതൽ 30 വരെ 900 മെഗാവാട്ട് വൈദ്യുതിയുടെ കുറവുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അതിനാൽ ജൂൺ 16 മുതൽ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ നേരിയ തോതിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയതായും, വീടുകളിൽ സോളാർ സ്ഥാപിക്കുന്ന അപേക്ഷകൾ എത്രയും വേഗത്തിൽ തീർപ്പാക്കുമെന്നും സണ്ണി ജോസഫ് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ശോചനീയാവസ്ഥയിലായ പൊലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ നവീകരിക്കുമെന്നും ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ലഭിച്ചിട്ടുണ്ടെന്നും മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. മുൻഗണനാ ക്രമത്തിലാണ് നവീകരണമെന്നും അദ്ദേഹം നിയമസഭയിൽ അറിയിച്ചു.

✪✪✪

കൊട്ടാരക്കര നീലേശ്വരത്ത് മണ്ണ് കയറ്റിയ ടിപ്പർ ലോറി, ബസ് കാത്തുനിന്നവർക്കിടയിലേക്ക് ഇടിച്ചുകയറി വിദ്യാർത്ഥി ഉൾപ്പടെ മൂന്ന് പേർ മരിച്ചു. മൂന്ന് പേർക്ക് പരിക്കേറ്റു. അപകടത്തെതുടർന്ന് ടിപ്പർ ലോറിയിൽ ഉണ്ടായിരുന്ന മണ്ണ് ആളുകളുടെ മുകളിലേക്ക് വീണു. മണ്ണ് നീക്കംചെയ്ത് തെരച്ചിൽ പുരോഗമിക്കുന്നു.

രാവിലെയായിരുന്നു അപകടം. പരിക്കേറ്റവരെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലും വിജയ ആശുപത്രിയിലും പ്രവേശിപ്പിച്ചു.

✪✪✪

കൊട്ടാരക്കര ടിപ്പർ ലോറി അപകടത്തിന്റെ പശ്ചാത്തലത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രത്യേക

ക്രമീകരണങ്ങളൊരുക്കാൻ മന്ത്രി K മുരളീധരൻ നിർദ്ദേശം നൽകി. മെഡിക്കൽ കോളജിൽ വിവിധ സർജറി വിഭാഗങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക ടീമിനെ സജ്ജമാക്കി. മെഡിക്കൽ കോളജ് ആശുപത്രി സൂപ്രണ്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമെന്ന് ആരോഗ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

✪✪✪

കൊട്ടാരക്കര ടിപ്പർ അപകടത്തിൽ മരിച്ചവരുടെ പോസ്റ്റുമോർട്ടം താലൂക്കാശുപത്രിയിൽ നടത്താൻ സൗകര്യമൊരുക്കിയതായി മന്ത്രി PC വിഷ്ണുനാഥ് അറിയിച്ചു. പൊലീസ് സർജനെ താലൂക്കാശുപത്രിയിലേക്ക് എത്തിച്ചാണ് പ്രത്യേക സൗകര്യമൊരുക്കുന്നതെന്ന് മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

മരിച്ചവരുടെ ബന്ധുക്കളുടെയും മറ്റും അഭ്യർഥനയെ തുടർന്നാണ് പൊലീസ് സർജനെ താലൂക്കാശുപത്രിയിലേക്ക് കൊണ്ടുവന്ന് പ്രത്യേക സൗകര്യമൊരുക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു വൈകിട്ട് സമ്മാനിക്കും. രാഷ്ട്രപതി ഭവനിലാണ് പുരസ്കാര ചടങ്ങ്. നടൻ മമ്മൂട്ടി, മോഹിനിയാട്ടം നർത്തകി കലാമണ്ഡലം വിമല മേനോൻ, മുതിർന്ന മാധ്യമ പ്രവർത്തകൻ പി നാരായണൻ തുടങ്ങിയവർ പുരസ്ക്കാര ജേതാക്കളിൽ ഉൾപ്പെടും.

✪✪✪

കേന്ദ്ര സഹമന്ത്രിസ്ഥാനം ജോർജ് കുര്യൻ രാജി വെച്ചു. രാജ്യസഭാ അംഗത്വകാലാവധി പൂർത്തിയായ സാഹചര്യത്തിലാണ് രാജി. ന്യൂനപക്ഷം, ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മന്ത്രാലയങ്ങളുടെ സഹമന്ത്രിയായിരുന്നു അദ്ദേഹം. ജോർജ് കുര്യന്റെ രാജി രാഷ്ട്രപതി ദ്രൗപദി മുർമു ഉടനടി പ്രാബല്യത്തോടെ സ്വീകരിച്ചു.

✪✪✪

പുതിയ സുരക്ഷാ ഭീഷണികളെയും, വെല്ലുവിളികളെയും കുറിച്ച് ബോധവാൻമാരായിരിക്കണമെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ പറഞ്ഞു. ന്യൂഡൽഹിയിൽ 16-ാമത് ബ്രിക്സ് ദേശീയ ഉപദേഷ്ടാക്കളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാരമ്പര്യേതര ഭീഷണികൾ അതിർത്തികളെ മറികടക്കുന്നതാണെന്നും,

നൂതനവും, വിനാശകരവുമായ സാങ്കേതിക വിദ്യകൾ, സൈബർ ഭീഷണികൾ എന്നിവയാണ് ഭീകരപ്രവർത്തനത്തിന് ഉപയോഗിക്കുന്നതെന്നും അജിത് ഡോവൽ അറിയിച്ചു.

✪✪✪

നീറ്റ് UG 2026 പുനഃപരീക്ഷയോടനുബന്ധിച്ച് രാജ്യത്ത് താൽക്കാലിക നിരോധം ഏർപ്പെടുത്തിയ മെസ്സേജിങ് പ്ലാറ്റ്ഫോമായ ടെലഗ്രാം ഗൂഗിൾ പ്ലേ സ്റ്റോറിൽ തിരിച്ചെത്തി. പരീക്ഷാർത്ഥികളെ തെറ്റിദ്ധരിപ്പിക്കാനും തട്ടിപ്പ് നടത്താനും സംഘടിത തട്ടിപ്പ് സംഘങ്ങൾ ഈ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നുണ്ടെന്ന് നാഷണൽ ടെസ്റ്റിങ് ഏജൻസി ആരോപിച്ചതിനെ തുടർന്നാണ് കേന്ദ്രം ടെലഗ്രാമിന് വിലക്ക് ഏർപ്പെടുത്തിയത്. ടെലഗ്രാമിന്റെ മെസ്സേജ് എഡിറ്റിങ് ഫീച്ചർ പ്രവർത്തനരഹിതമാക്കിയ കേന്ദ്ര ഗവൺമെന്റ് തീരുമാനം ജൂൺ 30 വരെ നിലനിൽക്കും.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

✪✪✪

ന്യൂയോർക്കിൽ ഫിഫ ലോക കപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് ഐ മത്സരത്തിൽ നോർവേ - സെനഗലിനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ചു. ഇതേ ഗ്രൂപ്പിൽ പുലർച്ചെ ഫിലാഡാൽഫിയയിൽ എതിരില്ലാത്ത മൂന്ന് ഗോളിന് ഫ്രാൻസ് ഇറാഖിനെ പരാജയപ്പെടുത്തി.

സാന്താക്ലാരയിലെ ഗ്രൂപ്പ് ജെ മത്സരത്തിൽ അൾജീരിയ, ജോർദാനെ ഒന്നിനെതിരെ രണ്ട് ഗോളിന് പരാജയപ്പെടുത്തി.

ഇന്ന് ഇന്ത്യൻ സമയം രാത്രി പത്തരക്ക് ഹൂസ്റ്റണിൽ പോർച്ചുഗൽ ഉസ്ബെക്കിസ്ഥാനെ നേരിടും.

✪✪✪

FIH പ്രോ ലീഗ് പുരുഷ ഹോക്കി ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്താനെ നേരിടും. ലണ്ടനിൽ വൈകിട്ട് ഏഴിനാണ് മത്സരം.

2024 ൽ ചൈനയിലെ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി മത്സരത്തിനുശേഷം ഇന്ത്യയും പാകിസ്ഥാനും തമ്മിലെ ആദ്യ ഏറ്റുമുട്ടലാണിത്.

✪✪✪

ഇന്ന് അന്താരാഷ്ട്ര ഒളിമ്പിക്സ് ദിനം. ദിനാചരണത്തോട് അനുബന്ധിച്ച് 'Cycling by the Sea' പരിപാടിക്ക് തിരുവനന്തപുരത്ത് തുടക്കമായി. കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ, V.മുരളിധരൻ MLA, ഹോക്കി താരം P.R ശ്രീജേഷ് എന്നിവർ ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു.

✪✪✪

അന്താരാഷ്ട്ര ഒളിമ്പിക് ദിനാചരണത്തിന്റെ ഭാഗമായി 'ഏഷ്യൻ ഗെയിംസ് ഫൺ റൺ' ഇന്ന് തിരുവനന്തപുരത്ത് നടത്തും. ഒളിമ്പിക് കൗൺസിൽ ഓഫ് ഏഷ്യ , ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ, സംസ്ഥാന ഗവൺമെന്റ് എന്നിവയുമായി സഹകരിച്ച് കേരള ഒളിമ്പിക് അസോസിയേഷനാണ് പരിപാടി സംഘടിപ്പിക്കുന്നത്.

യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നിന്നും വൈകിട്ട് നാലിന് ആരംഭിക്കുന്ന ഫൺ റൺ സെൻട്രൽ സ്റ്റേഡിയത്തിൽ സമാപിക്കും.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി VD സതീശൻ, കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ, എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തെ സ്കൂളുകളിൽ നീന്തൽ പരിശീലനം നിർബന്ധമാക്കണമെന്ന ആവശ്യവുമായി കോഴിക്കോട് തോട്ടുമുക്കം ഗവൺമെന്റ് UP സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥിനി റനാ ഫാത്തിമ മുഖ്യമന്ത്രി VD സതീശനെയും മന്ത്രി N ഷംസുദ്ദീനെയും നേരിൽ കണ്ട് നിവേദനം നൽകി. പുഴകളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും കുട്ടികൾ മുങ്ങിമരിക്കുന്ന സംഭവങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിലാണ് എട്ടുവയസ്സുകാരി ആവശ്യവുമായി തിരുവനന്തപുരത്ത് എത്തിയത്.

തിരുവമ്പാടി MLA C.K കാസിമിന്റെ നേതൃത്വത്തിലാണ് റനയും കുടുംബവും മുഖ്യമന്ത്രിയെയും വിദ്യാഭ്യാസ മന്ത്രിയെയും സന്ദർശിച്ചത്.

✪✪✪

കണ്ണൂർ ജില്ലയിലെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ആവശ്യങ്ങൾ പരിഗണിക്കാത്തതിൽ പ്രതിഷേധിച്ച് നേഴ്സുമാർ ജില്ലാ ലേബർ ഓഫീസറെ ഉപരോധിക്കുന്നു. രാവിലെയാണ് ഉപരോധം തുടങ്ങിയത്. ഒരു

മാസത്തോളമായി ജില്ലയിലെ സ്വകാര്യ ആശുപത്രികളിൽ നേഴ്സുമാർ പണിമുടക്കിലാണ്.

✪✪✪

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സ്ഥാപകദിന സമ്മേളനം മറ്റന്നാൾ കോഴിക്കോട് ടൗൺഹാളിൽ ചേരും. സമസ്തയുടെ നൂറാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായാണ് സംഗമം. സമ്മേളനം സമസ്ത ജനറൽ സെക്രട്ടറി കാന്തപുരം എ.പി അബുബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യും.

✪✪✪

ഒരുമാസം നീണ്ട കൊട്ടിയൂർ വൈശാഖ മഹോത്സവം നാളെ തൃക്കലശാട്ടോടെ സമാപിക്കും. ചതു:ശ്ശ്രുതങ്ങളിൽ അവസാനത്തെ അത്തം ചതു:ശ്ശ്രുതം ഇന്ന് നടക്കും. വാളാട്ടവും കലശപൂജയും ഇന്ന് ഉണ്ടാവും.

✪✪✪

---

*News Editor & News Reader : വി.കെ സുരേഷ്*
*News Team: ഫർദിസ്, ഫസ്ന ഫാത്തിമ, സയ്യിദ് അലി ശിഹാബ്*
*DEO : ഷീബ*